**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 125** **07-06-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ ഭക്ഷ്യ കിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri G R Anil<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ വർഷം ലോക്ക് ഡൗൺ കാലം മുതൽ നാളിതുവരെ എത്ര ഘട്ടങ്ങളിലായി സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തുവെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ വർഷം ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനെത്തുടർന്ന് 2020 ഏപ്രിലിൽ സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം ആരംഭിച്ചു. തുടർന്ന് കോവിഡ് മൂലം പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഓണത്തോടനുബന്ധിച്ച് 2020 ഓഗസ്റ്റ് മാസത്തിലും അതിനുശേഷം 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലും 2021 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലും സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റ് വിതരണം നടത്തിയിട്ടുണ്ട്. ഭക്ഷ്യകിറ്റ് വിതരണം 2021 മെയ് മാസത്തിലും തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അനാഥാലയങ്ങളിലേയും അഗതി മന്ദിരങ്ങളിലേയും അന്തേവാസികൾക്കും ലോക്ക്ഡൗൺ സമയത്തും 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലും ഭക്ഷ്യകിറ്റ് വിതരണം ചെയ്തിരുന്നു. 2020 ഓഗസ്റ്റ്-ഒക്ടോബർ മാസങ്ങളിൽ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് പ്രത്യേക ഭക്ഷ്യകിറ്റും വിതരണം ചെയ്തിരുന്നു. സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് വിവിധ ഘട്ടങ്ങളിലായി ഭക്ഷ്യകിറ്റ് വിതരണം ചെയ്ത വകയിൽ 4648.29 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ച നല്കിയിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ കേന്ദ്ര സർക്കാരിന്റെ സൗജന്യ റേഷൻ വിഹിതം ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | കേന്ദ്ര സർക്കാർ ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം 2020 മെയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് ആളൊന്നിന് 5 കിലോ വീതം അരിയും 1 കിലോ വീതം പയറുവർഗ്ഗങ്ങളും സൗജന്യമായി വിതരണം നടത്തുന്നതിനായി 15480.012 MT അരിയും 745.058 MT പയറുവർഗ്ഗങ്ങളും അനുവദിച്ചിരുന്നു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി PMGKAY പദ്ധതി പ്രകാരം എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങളിൽ ഉൾപ്പെട്ട |

| | | | |
|---|---|---|---|
| | | | കുടുംബങ്ങളിലെ ഒരംഗത്തിന് 5 കിലോ വീതം ഭക്ഷ്യധാന്യവും 1 കിലോ വീതം പയറുവർഗ്ഗങ്ങളും 2020 ഏപ്രിൽ മുതൽ ജൂൺ വരെ വിതരണം നടത്തുന്നതിനായി 232200.180 MT അരിയും 11214.27 MT പയറുവർഗ്ഗങ്ങളും അനുവദിച്ചിരുന്നു. ജൂലൈ മുതൽ നവംബർ വരെ പദ്ധതി ദീർഘിപ്പിച്ചതിനെ തുടർന്ന് PMGKAY രണ്ടാം ഘട്ടത്തിൽ 289922.944 MT അരിയും 70782.357 MT ഗോതമ്പും 18310.219 MT പയറുവർഗ്ഗങ്ങളും ലഭ്യമായിട്ടുണ്ട്. കോവിഡ് രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2021 മെയ്, ജൂൺ മാസങ്ങളിൽ PMGKAY പദ്ധതി പ്രകാരം വിതരണം നടത്തുന്നതിനായി 126487.177 MT അരിയും 28312.943 MT ഗോതമ്പും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിതരണം നടന്ന് വരികയാണ്. |
| (സി) | സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണത്തിനായി റേഷൻ വ്യാപാരികൾക്ക് നൽകേണ്ട നിയമാനുസൃത കമ്മീഷൻ നാളിതുവരെ നൽകിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വിതരണം ചെയ്യുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ വിതരണം ചെയ്ത ഭക്ഷ്യകിറ്റുകൾക്ക് 7/- രൂപ നിരക്കിൽ 5,91,36,112/- രൂപ 05.08.2020-ൽ റേഷൻ വ്യാപാരികൾക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്. 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്ക് 5/- രൂപ നിരക്കിൽ 4,68,92,680/- രൂപ 26.02.2021 ൽ അനുവദിച്ച് നല്കിയിട്ടുണ്ട്. ഒക്ടോബർ 2020 മുതൽ ജനുവരി 2021 വരെയുള്ള മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്ക് 5 രൂപ നിരക്കിൽ 18,75,65,675/- രൂപ കമ്മീഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 2021 മെയ് മാസത്തിലെ കിറ്റ് വിതരണത്തിനുള്ള എ.ആർ.ഡി കമ്മീഷൻ ഇനത്തിൽ 4.25 കോടി രൂപയും അനുവദിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ